മംഗളം
5 October 2018

# മത്സ്യമേഖലയുടെ പരിപാലനത്തിന് പങ്കാളിത്ത സമിതികൾ

കൊച്ചി: മത്സ്യമേഖലയുടെ പരിപാലനത്തിന് മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ മേഖലയുമായി ബന്ധപ്പെട്ട എല്ലാവരുടെയും പങ്കാളിത്തത്തിൽ സമിതികൾ വരുന്നു. മത്സ്യമേഖലയിലെ നിയമപരിപാലനം, നയരൂപീകരണം തുടങ്ങിയ കാര്യങ്ങളിൽ എല്ലാവരുടെയും പങ്കാളിത്തം ഉറപ്പുവരുത്തുന്ന രീതിയിൽ ഗ്രാമ, ജില്ല, സംസ്ഥാന തലങ്ങളിലാണ് സമിതികൾ രൂപീകരിക്കുക.

കേരള മറൈൻ ഫിഷറീസ് റെഗുലേഷൻസ് ആക്റ്റ് (കെ.എം.എഫ്.ആർ.എ) ഭേദഗതിയുടെ പശ്ചാത്തലത്തിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) നടന്ന ശിൽപശാലയിലാണ് പങ്കാളിത്ത പരിപാലന സമിതിയെക്കുറിച്ച് ചർച്ച നടന്നത്. സി.എം.എഫ്.ആർ.ഐയുടെ നിർദേശപ്രകാരമാണ് കെ.എം.എഫ്.ആർ.എ. ഭേദഗതിയിൽ പങ്കാളിത്ത പരിപാലന സമിതി സംവിധാനം ഉൾപ്പെടുത്തിയത്.

മത്സ്യത്തൊഴിലാളികൾ, മത്സ്യവകുപ്പ് ഉദ്യോഗസ്ഥർ, ബോട്ടുടമകൾ, മത്സ്യവ്യാപാരികൾ, ബോട്ടു നിർമാതാക്കൾ, സന്നദ്ധസംഘടനകൾ, ശാസ്ത്രജ്ഞർ തുടങ്ങിയവരടങ്ങുന്നതായിരിക്കും സമിതികൾ. മത്സ്യമേഖലയുടെ വികസനത്തിന് പങ്കാളിത്ത സ്വഭാവത്തിൽ കൂട്ടായ പ്രവർത്തനങ്ങൾ നടത്തുകയാണ് ലക്ഷ്യം.

കെ.എം.എഫ്.ആർ.എ ഭേദഗതികളുടെ ശാസ്ത്രീയ വശങ്ങൾ ചർച്ച ചെയ്യുന്നതിനാണു മത്സ്യവകുപ്പ് ശിൽപശാല സംഘടിപ്പിച്ചത്. സംസ്ഥാന ഫിഷറീസ് ഡയറക്ടർ വെങ്കടേശപതി, പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. സുനിൽ മുഹമ്മദ്, ഡോ. ടി.വി സത്യാനന്ദൻ, ഡോ. ലീല എഡ്വിൻ, ഡോ. ടി.എം. നജ്മുദ്ധീൻ, ഇഗ്നേഷ്യസ് മാൻഡ്രോ, ഡോ. ദിനേശ് ചെറുവത്ത്, താജുദ്ധീൻ എന്നിവർ പ്രസംഗിച്ചു.